**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5600** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള ഫ്ലാറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഫ്ലാറ്റ് നിർമ്മാണത്തിന് ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭയിൽ മണത്തല വില്ലേജിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഫ്ളാറ്റ് നിർമ്മാണത്തിന് 51.5 സെന്റ് ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിത, ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇതുവരെ സ്വീകരിച്ച നടപടികൾ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ; | (ബി) | ചാവക്കാട് നഗരസഭയിൽ മാത്രമാണ് പാർപ്പിട സമുച്ചയ നിർമ്മാണത്തിനായി ഭൂമി കണ്ടെത്തിയിട്ടുള്ളത്. ഇവിടെ നഗരസഭയുമായി ചേർന്ന് ഫ്ളാറ്റ് നിർമ്മിക്കുന്ന വിഷയം പരിഗണിച്ചുവരുന്നു. മറ്റ് തദ്ദേശ സ്ഥാപനങ്ങളിലൊന്നും ഭൂമി കണ്ടെത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിതർക്കായി ലൈഫ് മിഷൻ എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചുവെന്ന വിശദവിവരം അറിയിക്കാമോ? | (സി) | സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിതർക്കായി ഫ്ളാറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചത് അടിമാലി ഗ്രാമപഞ്ചായത്തിലാണ്. മറ്റ് 36 പാർപ്പിട സമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ